**Annexure - III**
**(അനുബന്ധം – 3)**

1. **<u>ടെൻഡർ സമർപ്പിക്കേണ്ടവിധം</u>**: ഒരു കവറിൽ (കവർ–1) ടെൻഡർ ആപ്ലിക്കേഷൻ ഫീസിന്റെ ഡി.ഡി.യും നിരതദ്രവ്യത്തിനുള്ള (EMD) ഡി.ഡി. യും ഉള്ളടക്കം ചെയ്യുക.

ആപ്ലിക്കേഷൻ ഫീസും ഇ.എം.ഡി. യും നിർബന്ധമായും രണ്ട് പ്രത്യേക ഡി.ഡി.കൾ ആയി വേണം എടുക്കാൻ. ഇതേ കവറിൽ തന്നെ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ ഐഡന്റിറ്റി, വിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉള്ളടക്കം ചെയ്യുക. കവറിന്റെ മുകൾ ഭാഗത്ത് "EMD, Application Fee, Identity & Address Proof" എന്ന് രേഖപ്പെടുത്തുക. കവറിന്റെ ഇടത് മൂലയിൽ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിലാസവും, ഫോൺ നമ്പരും, മൊബൈൽ നമ്പരും രേഖപ്പെടുത്തുക.

മറ്റൊരു കവറിൽ (കവർ–2) ടെൻഡറിന്റെ ഒറിജിനൽ ഫാറം (22 പേജുകൾ) പൂരിപ്പിച്ച്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (വാടകയുടെ എത്ര മടങ്ങ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകാൻ കഴിയുമെന്നത്) Tender form for Financial Bid - ൽ രേഖപ്പെടുത്തി, എല്ലാ പേജുകളുടെയും അടിയിൽ ഒപ്പിട്ട് ഉള്ളടക്കം ചെയ്ത് കവറിന്റെ മുകൾ ഭാഗത്ത് ."Tender – Financial Bid" എന്ന് രേഖപ്പെടുത്തുക. കവറിന്റെ ഇടത് മൂലയിൽ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിലാസവും, ഫോൺ നമ്പരും, മൊബൈൽ നമ്പരും രേഖപ്പെടുത്തുക.

മേൽ പറഞ്ഞ രണ്ട് കവറുകളും (കവർ –1 ഉം കവർ –2 ഉം) ഒട്ടിച്ച് സീൽ ചെയ്ത് മൂന്നാമത് ഒരു കവറിൽ (മാസ്റ്റർ കവർ) ഇടുക. മാസ്റ്റർ കവറും ഒട്ടിച്ച് സീൽ ചെയ്ത ശേഷം കവറിന്റെ മുകൾ ഭാഗത്ത് "Tender for ............ space at Angamaly, KSRTC Bus Terminal Complex," എന്ന് രേഖപ്പെടുത്തുക. (......... സ്ഥലത്ത് മൊത്തം സ്ഥലവും single unit ആയി എടുക്കുവാൻ വേണ്ടിയാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളതെങ്കിൽ "Tender for Whole space at KSRTC Bus Terminal Complex, Angamaly" എന്ന് രേഖപ്പെടുത്തുക. ഇനി ടെൻഡറിൽ ചെറിയ individual യൂണിറ്റിനാണ് quote ചെയ്യുന്നതെങ്കിൽ ടി സ്ഥലത്ത് വാടകയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ കോഡ് നമ്പരാണ് രേഖപ്പെടുത്തേണ്ടത്. ഉദാഹരണത്തിന് F-13 എന്ന കോഡ് ചെയ്യപ്പെട്ട സ്ഥലമാണ് വാടകയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ മാസ്റ്റർ കവറിന്റെ മുകൾ

ഭാഗത്ത് "Tender for F-13 space at Angamaly KSRTC Bus Terminal Complex" എന്ന് വേണം രേഖപ്പെടുത്താൻ). മാസ്റ്റർ കവറിന്റെ ഇടത് മൂലയിൽ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മൊബൈൽ നമ്പരും രേഖപ്പെടുത്തുക. മാസ്റ്റർ കവറിന്റെ വലത് മൂലയിൽ താഴെ കൊടുത്തിരിക്കുന്ന വിലാസം രേഖപ്പെടുത്തുക.

To,

**The Principal Project Consultant**

Kerala Transport Development Finance Corporation Ltd.
Level-8 (6th Floor), Trans Towers, Vazhuthacaud,
Thiruvananthapuram, Kerala, PIN: 695 014.
Phone: 0471 – 2326883.

2. ടെൻഡർ ഫാറത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പൂരിപ്പിച്ച് ടെൻഡർ സമർപ്പിച്ച വ്യക്തിക്ക്/ സ്ഥാപനത്തിന് സൂക്ഷിക്കാവുന്നതാണ്.

3. ടെൻഡറുകൾ 2015 ഒക്ടോബർ മാസം 15-ാം തീയതി വൈകുന്നേരം 3 മണി വരെ സ്വീകരിക്കും. ടെൻഡറുകൾ തപാൽ/ കൊറിയർ വഴിയോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

4. 2015 ഒക്ടോബർ മാസം 19-ാം തീയതി വൈകുന്നേരം 3 മണി മുതൽ കെ.റ്റി.ഡി.എഫ്.സി. യുടെ തിരുവനന്തപുരത്തുള്ള Head office -ൽ വച്ച് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

5. ചെറിയ individual യൂണിറ്റിനാണ് quote ചെയ്യുന്നതെങ്കിൽ പ്രത്യേകം കോഡ് ചെയ്ത സ്ഥലങ്ങൾക്ക് മാത്രമേ ടെൻഡർ സമർപ്പിക്കാവൂ. അതായത് ലോബി, വരാന്ത മുതലായ സ്ഥലങ്ങൾക്ക് സമർപ്പിക്കുന്ന ടെൻഡറുകൾ നിരസിക്കപ്പെടുന്നതാണ്. കെ.റ്റി.ഡി.എഫ്.സി. വാടകയ്ക്ക് നൽകാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെയും അവയുടെ കോഡ് നമ്പരുകളുടെയും വിസ്തീർണങ്ങളുടെയും വിവരങ്ങൾ അനുബന്ധം-I, -ൽ നിന്നും മനസ്സിലാക്കിയിട്ടുവേണം ടെൻഡർ ഫോറം പൂരിപ്പിക്കേണ്ടത്.

6. ടെൻഡർ സമർപ്പിച്ച വ്യക്തിക്കോ, സ്ഥാപനത്തിനു വേണ്ടി സമർപ്പിച്ച വ്യക്തിക്കോ

ടെൻഡർ നടപടികളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല എങ്കിൽ പകരക്കാരനെ നിയോഗിക്കാവുന്നതാണ്. അത്തരത്തിൽ പങ്കെടുക്കുന്ന വ്യക്തി ദർഘാസ് സമർപ്പിച്ച വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ "അധികാരപ്പെടുത്തൽ പത്രം" (Authorization Letter) സമർപ്പിക്കേണ്ടതും ആ വ്യക്തിയുടെ ഫോട്ടോ പതിച്ച ഐഡന്റിറ്റി പ്രൂഫ് (Identity Proof) നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം അപ്രകാരമുള്ളവരെ ടെൻഡർ നടപടികളിൽ ഒരു കാരണവശാലും പ ങ്കെടുപ്പിക്കുന്നതല്ല.

7. ടെൻഡർ ഉറപ്പിക്കുന്നത് ടെൻഡറുകളിൽ ഓഫർ ചെയ്തിട്ടുള്ള തുകകളിൽ ഏറ്റവും പരമാവധി സാമ്പത്തിക നേട്ടം കെ.റ്റി.ഡി.എഫ്.സി.യ്ക്ക് ലഭിക്കുന്നതേതെന്ന പരിശോധനയ്ക്ക് ശേഷം അപ്രകാരമുള്ള ഓഫർ satisfactory ആണെങ്കിൽ മാത്രമാണ്. (മൊത്തം സ്ഥലത്തിനും കൂടി ഒറ്റ യൂണിറ്റായി എടുക്കുവാൻ ടെൻഡർ സമർപ്പിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്.)

8. ടെൻഡർ നടപടികൾ നടപ്പിലാക്കുന്നതും കോമ്പ്ളകസിലെ സ്ഥലം വാടകയ്ക്ക് നല്കുന്നതും ടെൻഡർ ഡോക്യൂമെന്റിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചായിരിക്കും. ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നവർ പ്രസ്തുത നിബന്ധനകൾ വായിച്ച് മനസ്സിലാക്കേണ്ടതാണ്.

**അനുബന്ധം-3 ഒരു പൊതുവായ അറിവിനു വേണ്ടി ചേർത്തിട്ടുള്ളതാണ്. ആയത് ടെൻഡർ ഡോക്യുമെൻറിൻെറ ഭാഗമായി കണക്കാക്കുന്നതല്ല.**

ഒപ്പ്

**പ്രിൻസിപ്പൽ പ്രോജക്റ്റ് കൺസൾട്ടന്റ്**

**കെ.റ്റി.ഡി.എഫ്.സി.**